# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/142/2018 2018 ജൂലൈ 3

## പത്രക്കുറിപ്പ്

### എം.ജി. പി.ജി. ഏകജാലകം: ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (ജൂലൈ 4) അവസാനിക്കും

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (ജൂലൈ 4) അവസാനിക്കും. സർവ്വകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെരിറ്റ് സീറ്റുകളിലേക്കും, പട്ടികജാതി/പട്ടികവർഗ്ഗ (എസ്.സി./എസ്.ടി.) /സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (എസ്.ഇ.ബി.സി.)/മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ (ഇ.ബി.എഫ്.സി.) എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ രജിസ്ട്രേഷൻ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ PGCAP എന്ന ലിങ്കിൽ പ്രവേശിച്ച് നടത്താവുന്നതാണ്. 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ പേര്, ഇ മെയിൽ വിലാസം, ജനനതീയതി, സംവരണ വിഭാഗം എന്നീ വ്യക്തിഗത വിവരങ്ങൾ നൽകി പാസ്‌വേഡ് സൃഷ്ടിച്ച ശേഷം ഓൺലൈനായി നിശ്ചിത ആപ്ലിക്കേഷൻ ഫീ ഒടുക്കേണ്ടതാണ്. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 1100/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 550/- രൂപയുമാണ്. ഇത്തരത്തിൽ അപേക്ഷാഫീസ് ഒടുക്കിയാൽ മാത്രമേ അപേക്ഷകന്റെ അക്കൗണ്ട് പ്രവർത്തനക്ഷമമാകുകയുള്ളൂ. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പരായിരിക്കും ലോഗിൻ ഐ.ഡി. ഓൺലൈനായി ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ വ്യക്തിഗത അക്കാദമിക വിവരങ്ങൾ നൽകേണ്ടതും വിശദമായ പരിശോധനകൾക്ക് ശേഷം ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ആദ്യ അലോട്ട്മെന്റ് ജൂലൈ 12ന് നടത്തും.

അപേക്ഷകർ സർവ്വകലാശാല വെബ്സൈറ്റിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും വായിച്ച മനസ്സിലാക്കിയതിനുശേഷം അപേക്ഷിക്കണം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുന്നതല്ല.

വികലാംഗ/സ്പോർട്സ്/കൾച്ചറൽ ക്വാട്ട വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ജൂലൈ 4-ാം തീയതിക്കകം നേരിട്ട് അപേക്ഷ സമർപ്പിക്കണം. അതിനാൽ ഇവർക്ക് ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിന് പ്രത്യേകമായി സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്കും മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്കുമുള്ള പ്രവേശനം സംബന്ധിച്ച സർവ്വകലാശാല വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജധികൃതർ വിജ്ഞാപനത്തിലുള്ള തീയതികൾക്കനുസൃതമായിതന്നെ പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. കോളേജധികൃതർ തങ്ങളുടെ ഇ-മെയിൽ ദിവസേന പരിശോധിക്കേണ്ടതാണ്. ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇമെയിൽ : pgcap@mgu.ac.in

**അപേക്ഷാ തീയതി**

രണ്ടാം വർഷ ബി.എസ്.സി. എം.ആർ.ടി. (സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും.

അഫിലിയേറ്റഡ് കോളേജുകളിലും സീപാസിലും നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. സി.ഇ. & എൻ.ടി. (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ്വർക്ക് ടെക്നോളജി - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 7 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും.

**പരീക്ഷാഫലം**

2017 ആഗസ്റ്റ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (പി.ജി.സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 17 വരെ അപേക്ഷിക്കാം.

**വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പറുടെയും ഹാർഡ്വെയർ എഞ്ചിനീയറുടെയും തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി ജൂലൈ 7ന് സർവ്വകലാശാലാ ആസ്ഥാനത്ത് വച്ച് വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0481 - 2733303.

**പ്രഭാഷണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന 'സോവർനിറ്റി, ഫ്രീഡം ആന്റ് റസിസ്റ്റൻസ്, 1925' എന്ന വിഷയത്തിൽ, ജവഹർലാൽ നെഹ്റു സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലാംഗ്വേജ്, ലിറ്ററേച്ചർ ആന്റ് കൾച്ചറൽ സ്റ്റഡിസിലെ അദ്ധ്യാപകനും പ്രശസ്ത ചിന്തകനുമായ പ്രൊഫ. ഉദയകുമാറിന്റെ പ്രഭാഷണം ജൂലൈ 9ന് രാവിലെ 11 മണിക്ക് പഠനവകുപ്പിന്റെ സെമിനാർ ഹാളിൽ നടക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**